## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1889 — 22/03/2012 - ൽ മറുപടിക്ക്

## ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം : | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | കേരളത്തിൽ ഭവനരഹിതരായി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചും പഞ്ചായത്ത് തിരിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഭവനരഹിതരായി 30,000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. കേരളത്തിലെ 9 തീരദേശ ജില്ലകളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് തയ്യാറാക്കിയ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) | ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി രണ്ടു ലക്ഷം രൂപ വീതം 500 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന പദ്ധതിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവ് 2012-13 സാമ്പത്തിക വർഷത്തിൽ നിർവ്വഹിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഭവനരഹിതരായ മത്സ്യത്തൊഴിലാളികളിൽനിന്നും ഭവന നിർമ്മാണ സഹായത്തിനുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ക്ഷണിച്ചിരുന്നോ; | (സി) | ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | അപേക്ഷകൾ പരിശോധിച്ചു വരികയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാന്റ് ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.